# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2410 23.01.2014-ൽ മറുപടിക്ക്

### തീറാധാരം നൽകുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി ; | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| ചാലക്കുടിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിൽ വീടും സ്ഥലവും 26 വർഷങ്ങൾക്ക് മുൻപ് വാങ്ങിയവർക്ക് തീറാധാരം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും എന്നത്തേയ്ക്ക് ഇവർക്ക് തീറാധാരം നൽകാൻ കഴിയുമെന്നും അറിയിക്കാമോ ? | ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരിക്കുന്ന LAR കേസുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ലഭിക്കാത്തതിനാൽ അന്തിമ വില കണക്കാക്കാൻ കഴിഞ്ഞില്ല. എന്നാൽ അലോട്ടികളുടെ കഷ്ടതകൾ മനസ്സിലാക്കി LAR, ആർബിട്രേഷൻ എന്നിവ നിമിത്തം അന്തിമ വില കണക്കുകൾ തയ്യാറാക്കാൻ സാധിക്കാത്ത കേസുകളിൽ അതതു പദ്ധതികളുടെ കണക്കുകൾ പരിശോധിച്ച് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർ നിർണ്ണയം ചെയ്ത തുകയും അതിന്റെ 30% സെക്യൂരിറ്റി തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ ബോർഡ് തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ ടി സ്കീമിൽ മൊത്തം 58 പ്ലോട്ടുകളും 66 വീടുകളും ഉള്ളതിൽ 50 |

പ്ലോട്ടുകളുടേയും 37 വീടുകളുടേയും (പ്ലോട്ട് വിത്ത് ബിൽഡിംഗ്) വിലയാധാരം അലോട്ടികൾക്ക് ഇതുവരെ നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചെങ്കിലും Decree Satisfaction Certificate ഇതുവരേയും ലഭിച്ചിട്ടില്ല. എന്നാൽ ബാക്കിയുള്ള 37 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

സെക്ഷൻ ഓഫീസർ